"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ പുതിയ ഹൈസ്കൂൾ കെട്ടിടത്തിൻറെ വാടക - പഞ്ചായത്തിനെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനായി കോടതി ചെലവ് തുക അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2863/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2019**

**പരാമർശം:-** 1.സ.ഉ(സാധാ)നം. 1412/2017/തസ്വഭവ തീയ്യതി 04/05/2017 നമ്പർ ഉത്തരവ്.

2.പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16/07/2019 ലെ എ2-2510/16 നമ്പർ കത്ത്.

**ഉത്തരവ്**

പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച പുതിയ ഹൈസ്കൂൾ പ്രവർത്തിയ്ക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം പഞ്ചായത്ത് ഒരുക്കി നല്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം വാടകക്ക് എടുത്തിരുന്നു. വാടക ബാക്കിയ്ക്കെതിരെ കെട്ടിട ഉടമ കോടതിയിൽ പോയി വിധി സമ്പാദിച്ചതിനെത്തുടർന്ന് വാടകയും പലിശയും നൽകാൻ പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. അനുമതി ലഭ്യമായത് പ്രകാരം 8,55,335/- രൂപ കെട്ടിട ഉടമയ്ക്ക് നല്കിയ ശേഷം കോടതിച്ചെലവ് ഒഴിവാക്കുന്നതിനായി നടത്തിയ ചർച്ച പരാജയപ്പെട്ട സാഹചര്യത്തിൽ കോടതി വിധി നടപ്പിലാക്കുന്നതിനും പഞ്ചായത്തിനെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുമായി കോടതി ചെലവ് തുകയായ 1,46,497/- രൂപ കെട്ടിട ഉടമയ്ക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് പെരുമണ്ണ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോടതി വിധി നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്തിനെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുമായി, കോടതി ചെലവ് തുകയായ 1,46,497/- രൂപ (ഒരു ലക്ഷത്തി നാൽപത്തിയാറായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട ഉടമയ്ക്ക് അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

പ്രസിഡന്റ്/ സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Remeela.

സെക്ഷൻ ഓഫീസർ